


# യൗസേപ്പ്: ദൈവികപദ്ധതിയുടെ കാവൽക്കാരൻ

(മത്തായി 1:18 – 24)

Vol. 11, Issue: 32

ബ്ര. അജോ തോമസ്, വടക്കേട്ട് MSJ

**ദി**വ്യകാരുണ്യ ഈശോയിൽ സ്നേഹമുള്ള വരേ,

ആരാധനാക്രമവത്സരത്തിലെ മനുഷ്യാവതാര രഹസ്യത്തെ അനുസ്മരിക്കുന്ന മംഗളവാർത്താക്കാലത്തിലെ അവസാന ഞായറാഴ്ചയിൽ നാം എത്തിനിൽക്കുമ്പോൾ ദൈവതിരുമനസ്സ് നമ്മുടെ ജീവിതത്തിലും നിറവേറുവാൻ രക്ഷകന്റെ വരവിനായി കാത്തിരുന്ന് ത്യാഗപ്രവർത്തികളിലൂടെ നാം ഒരുങ്ങുകയായിരുന്നു. തിരുസഭാ മാതാവ് വി. മത്തായിയുടെ സുവിശേഷം 1-ാം അദ്ധ്യായം 18 മുതൽ 24 വരെയുള്ള വാക്യങ്ങൾ ഇന്ന് വിചിന്തനത്തിനായി നൽകുമ്പോൾ കൂടുതൽ ഒരുക്കത്തോടെ ദൈവഹിതം നമ്മിൽ നിറവേറുവാൻ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

ദൈവതിരുമനസ്സ് നിറവേറ്റുവാൻ സ്വയം സമർപ്പിക്കുന്ന എല്ലാവരും ഒരു ആന്തരീകസംഘർഷത്തിലൂടെ കടന്നുപോകുവാൻ ദൈവം അനുവദിക്കുന്നു. വി. യൗസേപ്പിതാവും യേശുവിന്റെ രക്ഷാകര രഹസ്യത്തിൽ സഹകരിക്കേണ്ടതിന് ഈ ഒരു സംഘർഷത്തിലൂടെ കടന്നുപോയ വ്യക്തിയാണ്. യഹൂദ നിയമത്തിൽ പുരുഷനും സ്ത്രീയും ഭാര്യാഭർത്താക്കന്മാരാകുന്നതിന്റെ ആദ്യപടി ആയിട്ടാണ് വിവാഹനിശ്ചയത്തെ കണ്ടിരുന്നത്. യഹൂദ നിയമവും പാരമ്പര്യവും അനുസരിച്ച് വിവാഹനിശ്ചയത്തിനും ദമ്പതികളുടെ സഹവാസത്തിനുമിടയിൽ ഒരു വർഷം വരെ കാലാവധി ഉണ്ടായിരുന്നു. നിയമപരമായി പുരുഷനും സ്ത്രീയും ഭാര്യാഭർത്താക്കന്മാരായതിനാൽ ഉടമ്പടിയിൽ പ്രവേശിച്ചവർ പിന്മാറണമെങ്കിൽ ഒരാളുടെ മരണമോ വിവാഹമോചനമോ സംഭവിക്കണം (നിയമാ. 24:1-4). ഈ കാലഘട്ടത്തിൽ ഉണ്ടാകുന്ന അവിശ്വസ്തത, വധശിക്ഷ അർഹിക്കുന്ന വ്യഭിചാരമായി യഹൂദർ കണ്ടിരുന്നു (നിയമാ. 22:21-25). ഭാര്യ ഭർത്താവിനോടൊപ്പം ഉടനെ താമസിക്കാൻ തുടങ്ങുന്നില്ലെങ്കിലും വിവാഹനിശ്ചയത്തോടെ ഒരു പെൺകുട്ടി അവളുടെ പിതാവിന്റെ അധികാരപരിധിയിൽ നിന്ന് വിവാഹനിശ്ചയം നടത്തിയ ചെറുപ്പക്കാരന്റെ അധികാരപരിധിയിലേയ്ക്ക് മാറുമായിരുന്നു. ഈ കാലയളവിൽ അവർ തമ്മിൽ ഒരിക്കലും സംയോജിക്കില്ലായെങ്കിലും ഭാര്യാഭർത്താക്കന്മാർ എന്നാണ് അറിയപ്പെട്ടിരുന്നത്.

എന്നാൽ, ഇന്നത്തെ സുവിശേഷത്തിൽ വി. യൗസേപ്പ് അഭിമുഖീകരിച്ച പ്രശ്നം, വിവാഹനിശ്ചയത്തിനുശേഷം താനറിയാതെ തന്റെ ഭാര്യയായ മറിയം ഗർഭിണിയാണെന്ന വേദനിപ്പിക്കുന്ന വാർത്തയാണ്. ഈ ഒരു സാഹചര്യത്തിൽ യൗസേപ്പിൽ പലതരത്തിലുള്ള പ്രതികരണ

ങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ ഒന്നാമത്തേത്, ഏറ്റവും കരുണ നിറഞ്ഞതും സൗമ്യവുമായ ഒരു പ്രതികരണമാണ്. കരുണയുടെ കവിഞ്ഞൊഴുകലാണ് യൗസേപ്പിന്റെ ജീവിതത്തിൽ നാം കാണുക. താനുമായി വിവാഹനിശ്ചയം നടത്തിയിരുന്നവൾ താനറിയാതെ ഗർഭിണിയായിരിക്കുന്നുവെന്ന് യഹൂദ അധികാരികളോട് പരാതി പറഞ്ഞാൽ അവർ യഹൂദ നിയമപ്രകാരം അതായത്, അന്യപുരുഷനുമായി വിവാഹവാഗ്ദാനം നടത്തിയ ഒരു കന്യക വ്യഭിചാരം ചെയ്താൽ പട്ടണത്തിനു വെളിയിൽ കൊണ്ടുപോയി കല്ലെറിഞ്ഞു കൊല്ലണമെന്ന ശിക്ഷാവിധി (നിയമാ. 22:23-24) മറിയത്തിനെതിരെ നടപ്പാക്കുമായിരുന്നു. അങ്ങനെ യൗസേപ്പ് ചെയ്യാത്തതിന്റെ കാരണം സുവിശേഷത്തിൽ വ്യക്തമാക്കുന്നുണ്ട്. അത് മറിയത്തിന്റെ ഭർത്താവായ യൗസേപ്പ് നീതിമാനായിരുന്നു എന്നതാണ്. ദൈവനിയമം അനുസരിക്കുന്നവരെ ആയിരുന്നു യഹൂദർ 'നീതിമാന്മാർ' എന്നു വിളിച്ചിരുന്നത്.

യൗസേപ്പിന്റെ രണ്ടാമത്തെ പ്രതികരണം, മറിയത്തെ അപമാനിതയാക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല എന്നതായിരുന്നു. നീതിമാനായ യൗസേപ്പ് താനുനായി വിവാഹബന്ധം ഉറപ്പിച്ചിരിക്കുന്ന പെൺകുട്ടി താനറിയാതെ ഗർഭിണിയാണെന്ന വാർത്ത അറിഞ്ഞപ്പോൾ, അക്കാര്യം പരസ്യമാക്കി, മറിയത്തെ ജനമദ്ധ്യത്തിൽ അവഹേളിക്കാനോ, അപമാനിതയാക്കാനോ, കല്ലെറിഞ്ഞു കൊല്ലാനോ തയ്യാറായില്ല. യൗസേപ്പിന്റെ ഈ പ്രതികരണം ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. തനിക്ക് ഭാര്യയാകാൻ പോകുന്നവൾ ഗർഭവതിയായി കണ്ടപ്പോൾ യൗസേപ്പ് തീർച്ചയായും വേദനിച്ചുകാണും, അപമാനിതനായ്ക്കാണും. എങ്കിലും തനിക്കുണ്ടായ ആ അപമാനം മറിയത്തിനു കൂടി ഉണ്ടാകണമെന്ന് യൗസേപ്പ് ആഗ്രഹിച്ചില്ല.

യൗസേപ്പിന്റെ മൂന്നാമത്തെ പ്രതികരണം സമ്പൂർണ്ണ സമർപ്പണം നടത്തിയെന്നതായിരുന്നു. വിഷമത്തിൽ കഴിഞ്ഞിരുന്ന യൗസേപ്പിനോട് ദൈവദൂതൻ ആവശ്യപ്പെടുക ഭയവും ആശങ്കയും കൂടാതെ മറിയത്തെ ഭാര്യയായി സ്വീകരിക്കാനാണ്. അവൾ പരിശുദ്ധാത്മാവിനാലാണ് ഗർഭം ധരിച്ചിരിക്കുന്നത് എന്നുപറയുമ്പോൾ, മറിയത്തിന്റെ ഗർഭധാരണം അസാധാരണമായിരുന്നുവെന്നും അത് മാനുഷികബന്ധത്തിൽ നിന്നുണ്ടായതല്ല പ്രത്യുത, ദൈവത്തിന്റെ ശക്തിയിൽ നിന്നുണ്ടായതുമാണെന്നാണ് സുവിശേഷകൻ അർത്ഥമാക്കിയിരിക്കുന്നത്. യൗസേപ്പിന് ദൈവദൂതൻ പ്രത്യക്ഷപ്പെട്ടപ്പോൾ മറിയത്തെ രഹസ്യത്തിൽ ഉപേക്ഷിക്കാമെന്ന തീരുമാനം മാറ്റി ദൈവപദ്ധതി സ്വീകരിച്ച് അവളെ സ്വഭവനത്തിൽ സ്വീകരിക്കുന്നതായി നാം കാണുന്നു. ദൈവഹിതം മാലാഖയിലൂടെ അറിയിക്കപ്പെട്ടപ്പോൾ ഒന്നും പറയാതെ അത് സ്വീകരിക്കുകയാണ് യൗസേപ്പ് ചെയ്തത്. സമ്പൂർണ്ണസമർപ്പണത്തിന്റെ ഒരു വലിയ മാതൃകയാണിത്.

സ്നേഹമുള്ളവരേ, നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികളുണ്ടാകുമ്പോൾ ഏക ആശ്വാസം അവയുടെ പിന്നിലെ ദൈവികപദ്ധതി തിരിച്ചറിയുക മാത്രമാണ് എന്ന് ഇന്നത്തെ സുവിശേഷം നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യർ കണ്ടെത്തുന്ന വഴികൾ യഥാർത്ഥ വഴികളായിരിക്കണമെന്നില്ല. "ജീവിതത്തിലും മരണത്തിലും യേശുവിനോട് ചേർന്നുനിൽക്കുക. എല്ലാവരും ഉപേക്ഷിക്കുമ്പോൾ ദൈവത്തിൽ ശരണം വയ്ക്കുക" എന്ന് വി. അഗസ്റ്റിൻ പറഞ്ഞുവച്ചതെത്രയോ സത്യമാണ്.

ക്രിസ്തുമസിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് യൗസേപ്പിന്റെ ജീവിതം വലിയൊരു മാർഗ്ഗദീപവും മാതൃകയുമായിരിക്കട്ടെ. വി. യൗസേപ്പിന്റെ ജീവിതത്തിൽ ഇടപെട്ട ദൈവം സഹനത്തിന്റെ നിമിഷങ്ങളിൽ നമ്മെയും കൈവെടിയുകയില്ല. വി. ഫ്രാൻസിസ് സാലസ് പറഞ്ഞതുപോലെ, "നാളെ എന്തു സംഭവിക്കുന്നുവെന്ന് വിചാരിക്കേണ്ട. ഇന്ന് നമ്മെ കാത്തുസൂക്ഷിച്ചിരിക്കുന്ന നിത്യപിതാവ് നാളെയും നമ്മുടെ ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും നമ്മെ കാത്തുകൊള്ളും. ഒന്നുകിൽ അവിടുന്ന് നമ്മെ സഹനത്തിൽ നിന്ന് ഒഴിവാക്കും. അല്ലെങ്കിൽ അത് സഹിക്കാനുള്ള ശക്തി അവിടുന്ന് നൽകും."

സ്നേഹമുള്ളവരേ, ഓരോ വിശുദ്ധ ബലിയും ദൈവഹിതത്തിന്റെ പൂർത്തീകരണമാണ്. നമ്മുടെ ജീവിതത്തിലും ദൈവഹിതം അന്വേഷിക്കുവാനും കണ്ടെത്തുവാനും അത് പൂർത്തിയാക്കാനുമുള്ള കൃപാവരം തുടർന്നുവരുന്ന പ്രാർത്ഥനകളിൽ നമുക്ക് യാചിക്കാം. ഈ ജീവിതം യാതൊരു പരാതിയും കൂടാതെ കരുണയുടെയും നീതിയുടെയും സമ്പൂർണ്ണ സമർപ്പണത്തിന്റെയും ശുശ്രൂഷയാക്കി മാറ്റുവാൻ ഈ ബലിമദ്ധ്യേ ഞങ്ങളെ സഹായിക്കണമേ എന്ന് ആത്മാർത്ഥമായി നമുക്ക് പ്രാർത്ഥിക്കാം. സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.